**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനത്തിനുള്ളിലെ ആദിവാസികളല്ലാത്തവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനത്തിനുള്ളിൽ ദീർഘകാലമായി താമസിക്കുന്ന ആദിവാസികളല്ലാത്ത വിഭാഗങ്ങളെ നഷ്ടപരിഹാരം നൽകി വനത്തിനു പുറത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; | (എ) | നടപ്പിലാക്കി വരുന്നുണ്ട്. വയനാട് സ്വയം സന്നദ്ധത പുനരധിവാസ പദ്ധതി വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെൻറുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര സഹായത്തോടുകൂടിയുള്ള വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. 2012-ലാണ് വയനാട്ടിലെ വന്യജീവിസങ്കേതത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവി സങ്കേതത്തിലെ 14 സെറ്റിൽമെൻറുകളിൽ നിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 80 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകിയാണ് 2011-2012 മുതൽ പുനരധിവസിപ്പിച്ചത്. ഈ സെറ്റിൽമെൻറുകളിൽ ആദിവാസികളല്ലാത്തവരും ആദിവാസികളും ഉണ്ട്. ആദിവാസികൾ അല്ലാത്തവർക്ക് മാത്രമായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടില്ല. വയനാട് വന്യജീവി സങ്കേതത്തിൽ നിന്ന്, ഇത്തരത്തിൽ 8 സെറ്റിൽമെൻറുകളിൽ നിന്നും പൂർണ്ണമായും, 2 സെറ്റിൽമെൻറുകളിൽ നിന്നും ഭാഗികമായും, ആളുകളെ വനത്തിനകത്തു നിന്നും പുറത്ത് കൊണ്ടുവന്നിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 382 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണോ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | അല്ല. കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ |

| | | | |
|---|---|---|---|
| | | | അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സ്വയം സന്നദ്ധമാകുന്ന പദ്ധതിയിൽ അംഗമാകുന്ന കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകി റീബിൽഡ് കേരള ഡവലപ്മെൻറ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെൻറിലുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും, കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെൻറിലുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളേയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ അഴിമതികളുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (സി) | 27/11/2021 ലെ മലയാള മനോരമ പത്രത്തിൽ പ്രസ്തുത പദ്ധതിയിൽ അഴിമതിയുണ്ടെന്ന് വാർത്ത വന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വസ്തുതാ വിരുദ്ധമായ മാധ്യമ വാർത്തകൾ ചില ആളുകൾ സ്ഥാപിത താത്പര്യങ്ങൾക്കായി കെട്ടിച്ചമച്ചതാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ